**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**
**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 406**
**24.01.2018 ലെ മറുപടിക്ക്**

## എയ്ഡഡ് സ്കൂളുകളിലെ 'ചലഞ്ച് ഫണ്ട്' പദ്ധതി

| ചോദ്യം<br>ശ്രീ.പി.കെ.ബഷീർ | | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകൾക്ക് എം.എൽ.എ -എസ്.ഡി.എഫ് , എം.എൽ.എ -എ.ഡി.എസ് എന്നിവ നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ് എന്ന് വിശദമാക്കുമോ; | സ.ഉ.(അ) നം. 577/2013/ധന തീയതി 26.11.2013 പ്രകാരം എം.എൽ.എ.മാരുടെ പ്രത്യേക വികസന നിധി ഉപയോഗിച്ച് എയ്ഡഡ് സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ് റൂം സ്ഥാപിക്കൽ, പാചകപ്പുര, ടോയ് ലെറ്റുകൾ എന്നിവയുടെ നിർമ്മാണം, കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ എന്നിവയ്ക്ക് അനുമതി നൽകിയിട്ടുണ്ട്. സ.ഉ.(അ) നം. 63/2017/ധന തീയതി 12.05.2017, സ.ഉ.(അ) നം. 75/2017/ധന. തീയതി 28.05.2017, സ.ഉ.(അ) നം.86/2017/ധന. തീയതി 04.07.2017 എന്നിവ പ്രകാരം നിയോജകമണ്ഡല ആസ്തി വികസന ഫണ്ടുപയോഗിച്ച് വിവിധ പ്രവൃത്തികൾക്കും എയ്ഡഡ് സ്കൂളുകളിൽ ടോയ് ലെറ്റുകളും പാചകപ്പുരയും നിർമ്മിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ഏതെല്ലാം പ്രവൃത്തികൾക്കാണ് പ്രസ്തുത ഫണ്ടുകൾ ഉപയോഗിക്കുന്നതിന് അനുമതി നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | |
| (സി) | എയ്ഡഡ് സ്കൂളുകൾ സർക്കാർ ഫണ്ടും സ്കൂൾ ഫണ്ടും ഉപയോഗിച്ച് ചലഞ്ച് ഫണ്ട് എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | ഉണ്ട്. |
| (ഡി) | എങ്കിൽ ആയതിന്റെ മാനദണ്ഡങ്ങൾ, നടപ്പിലാക്കുന്നതിന് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ, ഭരണാനുമതി , ഫണ്ട് ഉപയോഗിക്കേണ്ട രീതി എന്നിവ ഉൾപ്പെടെ പ്രസ്തുത പദ്ധതി സംബന്ധിച്ച എല്ലാ വിശദാംശങ്ങളും ലഭ്യമാക്കുമോ; | സ.ഉ.(അ) നം.109/2017/ധന. തീയതി 18.08.2017 പ്രകാരം ചലഞ്ച് ഫണ്ട് പദ്ധതിയ്ക്കായി നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് വിനിയോഗിക്കാൻ അനുമതി നൽകിയിട്ടുണ്ട്. നിയോജകമണ്ഡല ആസ്തി വികസന ഫണ്ട്, മറ്റു സർക്കാർ സഹായം എന്നിവ ചേർന്ന് പരമാവധി 1 കോടി രൂപ ചലഞ്ച് ഫണ്ട് പദ്ധതിക്കായി ഉപയോഗിക്കാം. പ്രാദേശികമായി സമാഹരിക്കുന്ന ഫണ്ടിന് തുല്യമായ തുക, പരമാവധി 1 കോടി രൂപയായിരിക്കും ഇപ്രകാരം വിനിയോഗിക്കാൻ കഴിയുക. നിയോജകമണ്ഡല ആസ്തി വികസന ഫണ്ട്, സർക്കാർ സഹായം 50:50 എന്ന അനുപാതത്തിൽ ആയിരിക്കും. ചലഞ്ച് ഫണ്ട് പദ്ധതി നടപ്പാക്കുന്നതിനുള്ള കൂടുതൽ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. |
| (ഇ) | പ്രസ്തുത പദ്ധതിക്കായി പ്രത്യേക ബാങ്ക് അക്കൗണ്ട് തുറക്കേണ്ടതുണ്ടോ;എങ്കിൽ ആരുടെ പേരിലാണ് തുറക്കേണ്ടതെന്നും ആയതിന് അനുമതി നൽകേണ്ടത് ആരാണെന്നും വിശദമാക്കുമോ? | |

**സെക്ഷൻ ഓഫീസർ**